(സി) തൃപ്തികരമായ അടിസ്ഥാന സൗകര്യം ഒരുക്കാനായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2014-ൽ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി ഹോമിയോ കോളേജുകളിൽ നടത്തിയ പരിശോധനകളുടെ റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

(ബി) ആരോഗ്യവകുപ്പ് സെക്രട്ടറി ഇതുസംബന്ധിച്ച അർദ്ധ ഔദ്യോഗികകത്ത് ആയുഷിന് നൽകിയിട്ടുണ്ട്. അടുത്ത ആഴ്ചയോടുകൂടി ബന്ധപ്പെട്ട റിപ്പോർട്ട് ആയുഷിൽനിന്നും ലഭ്യമാക്കുമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയിൽ നിന്നും ഫോൺ സന്ദേശവും ലഭിക്കുകയുണ്ടായി.

(സി) ഇതുവരെ ലഭ്യമായ റിപ്പോർട്ടുകളിൽ അടിസ്ഥാന സൗകര്യം തൃപ്തികരമല്ലായെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി രേഖപ്പെടുത്തിയിട്ടില്ല.

ടേർഷ്യറി ക്യാൻസർ കെയർ പദ്ധതി

17 (*647) ശ്രീമതി വി. അയിഷാ പോറ്റി :
ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടേർഷ്യറി കാൻസർ കെയറിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിവരം നൽകാമോ ; ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ ;

(ബി) അർബുദരോഗ ബോധവൽക്കരണത്തിനും രോഗനിർണ്ണയത്തിനുമായി പ്രഖ്യാപിച്ച പരിപാടി പ്രാവർത്തികമായോ എന്ന് അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ടേർഷ്യറി ക്യാൻസർ കെയർ പദ്ധതിയിൻകീഴിൽ ആർ.സി.സി.യെ ഒരു സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിലേയ്ക്കായി ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തിരുവനന്തപുരം ആർ.സി.സി.ക്ക് 120 കോടി രൂപ അനുവദിച്ചുനൽകുകയും ആർ.സി.സി.യെ ഒരു സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായമായി ലഭിച്ച 120 കോടി രൂപ പുതുതായി യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും നിലവിലുള്ള ആർ.സി.സി. കെട്ടിടത്തിന്റെ നവീകരണത്തിനുമായി നീക്കിവച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയാണ്. കേരളത്തിലെ അർബുദ രോഗ ചികിത്സാ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തി ടേർഷ്യറി ക്യാൻസർ കെയർ സെന്ററുകളായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാർ എൻ.പി.സി.ഡി.എസ്. പദ്ധതിയിലൂടെ തിരുവനന്തപുരം ആർ.സി.സി. മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, കോട്ടയം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങൾക്ക് 4.8 കോടി രൂപ വീതം അനുവദിക്കുകയുണ്ടായി. ഈ ഫണ്ട് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യാധുനിക സാങ്കേതിക മികവുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. കൊച്ചിയിൽ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് മിഷൻ "676" പദ്ധതിയിൽ ഉൾപ്പെടുത്തി ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള ഭരണാനുമതി വിതിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. റേഡിയോതെറാപ്പി പ്ലാനിംഗ് ചെയ്യുവാനാവശ്യമായ സിമുലേറ്റർ നിലവിൽ കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. തിരുവനന്തപുരത്തും തൃശ്ശൂരും വാങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് എച്ച്.ഡി. ആർ.ബ്രാക്കി തെറാപ്പിയും ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റവും വാങ്ങുവാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. മറ്റ് മെഡിക്കൽ കോളേജുകളിൽ നിലവിൽ ഈ സംവിധാനമുണ്ട്. ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ കീമോതെറാപ്പി, റേഡിയോതെറാപ്പി എന്നിവ സൗജന്യമായി രോഗികൾക്ക് ലഭ്യമാക്കുന്നു. കാരുണ്യ ബെനവലന്റ് സ്കീം, ക്യാൻസർ സുരക്ഷാ സ്കീം എന്നിവ വഴി ക്യാൻസർ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നു.

(ബി) അർബുദ രോഗ ബോധവൽക്കരണത്തിനും രോഗ നിർണ്ണയത്തിനുമായി 2014 ഫെബ്രുവരി മാസം കേരള ആരോഗ്യ വകുപ്പും NRHM- ഉം ചേർന്ന് ഒരു സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി (Kerala Campaign Against Cancer)ക്ക് തുടക്കമിട്ടു. ടി കർമ്മപദ്ധതിക്ക് തുടക്കംകുറിച്ചുകൊണ്ട് വിവരശേഖരങ്ങൾ തയ്യാറാക്കുകയും NRHM-ന്റെ കീഴിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ക്യാൻസർ ബോധവൽക്കരണവും ക്യാൻസർ സ്ക്രീനിംഗിനെ സംബന്ധിച്ച് പരിശീലനവും നൽകിക്കഴിഞ്ഞു. ഇപ്രകാരം പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും അവരവർ ജോലി ചെയ്യുന്ന ആരോഗ്യ കേന്ദ്രം വഴി കേരളാ വെൽഫെയർ സർവ്വീസസുമായി യോജിച്ച് തുടർ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പ്രീഡയഗ്നോസ്റ്റിക് തലത്തിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ ആരംഭിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയായ "ക്യാൻസറിനെതിരെ കേരളം" എന്ന പദ്ധതി ലോക ക്യാൻസർ ദിനമായ ഫെബ്രുവരി 4-ാം തീയതി ഈ പദ്ധതിയുടെ ആദ്യഘട്ടം ആറു ജില്ലകളിലായി ആരംഭിക്കുകയുണ്ടായി. കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗനിയന്ത്രണങ്ങളുടെ ഭാഗമായ

LIBRARY ARCHIVES Kerala Legislative Assembly

എൻ.പി.സി.ഡി.എസ്സ്. നിലവിലുള്ള അഞ്ച് ജില്ലകളിലും തിരുവനന്തപുരത്തുമാണ് ഈ പദ്ധതി ആരംഭിച്ചത്. പ്രാരംഭനടപടികളായി ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും ട്രെയ്നിംഗ് ഇതിനോടൊപ്പം പൂർത്തിയായിക്കഴിഞ്ഞു. ഈ പദ്ധതിക്കാവശ്യമായ മൊഡ്യൂളുകൾ, സോഫ്റ്റ്വെയർ എന്നിവ തയ്യാറാക്കുകയും ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ ബോധവൽക്കരണത്തിനും രോഗനിർണ്ണയത്തിനുമായി കഴിഞ്ഞ മൂന്നുവർഷമായി പരിപാടികൾ നടത്തിവരുന്നു. തൃശ്ശൂർ ഡി.എം.ഒ.യുടെയും എൻ.ആർ.എച്ച്.എം.ന്റെയും പങ്കാളിത്തത്തോടെയാണ് തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി പരിശോധനാ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തിയിട്ടുള്ളത്. 2013-14 വർഷത്തിൽ 34-ഓളം ക്യാൻസർ ക്യാമ്പുകളും 22 ക്യാൻസർ ബോധവൽക്കരണ സെമിനാറുകളും നടത്തുകയുണ്ടായി.

ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി

18 (*648) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ : വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പദ്ധതി എത്രവർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): (എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് (ഡ്രിപ്) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റെഗുലേറ്റർ ഉൾപ്പെടെ 19 പദ്ധതികളുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 ജലവൈദ്യുത പദ്ധതികളുടെയും അവയുടെ അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയാണ് ഈ പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly